സർക്കാർ കോളേജുകളിലെ നിരക്കിലുള്ള ഫീസ് ഈടാക്കിയാൽ മതി എന്ന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) 2003-2004 അക്കാദമിക് വർഷം മെരിറ്റ് ക്വാട്ടയിൽ പ്രവേശനം നേടിയ ഇത്തരം സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽനിന്ന് ഗവൺമെന്റ് കോളേജുകളിലെ നിരക്കിലുള്ള ഫീസ് ഈടാക്കിയാൽ മതി എന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ;

(സി) 2003-2004 വർഷത്തിൽ പ്രവേശനം നേടിയ മെരിറ്റ് വിദ്യാർത്ഥികളിൽ നിന്ന് ഉയർന്നനിരക്കിലുള്ള ഫീസ് ഈടാക്കിയിട്ടുള്ളത് ഈ വിദ്യാർത്ഥികൾക്ക് തിരികെ നൽകാൻ നിർദ്ദേശം നൽകുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) 1-7-2005-ലെ സർക്കാർ ഉത്തരവ് ജി.ഒ. (എംഎസ്.) 93/2005/ഉവിവ പ്രകാരം സർക്കാർ നിയന്ത്രണത്തിലുള്ള ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ കേരള, ശ്രീ ചിത്തിര തിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിംഗ്, തിരുവനന്തപുരം എന്നീ കോളേജുകളിൽ ബി.ടെക്കിന് മെരിറ്റ് സീറ്റിൽ 2005-2006 അദ്ധ്യയന വർഷത്തിൽ പ്രവേശനംലഭിച്ച കുട്ടികൾക്ക് കുടുംബ വരുമാനം നോക്കാതെ സർക്കാർ ഫീസ് നൽകിയാൽ മതിയാകുമെന്ന് ഉത്തരവായിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്).† പരിയാരം മെഡിക്കൽ കോളേജിന്റെയും, സഹകരണ അക്കാഡമിയുടെയുംകീഴിലുള്ള സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിൽ 2004-2005, 2005-2006 വർഷങ്ങളിൽ ഗവൺമെന്റ് ക്വോട്ടയിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികളിൽനിന്നും സർക്കാർ കോളേജിലെ ഫീസ് ഈടാക്കിയാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ട്.

(ബി) & (സി) ഇല്ല. സർക്കാരിന്റെ ഇപ്പോഴത്തെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് ഇക്കാര്യം അനുവദിക്കാൻ നിവൃത്തിയില്ല.

എൻട്രൻസ് പരീക്ഷ

*10 [432] *ശ്രീ. ടി. എൻ. പ്രതാപൻ:*
പ്രൊഫ. കെ. വി. തോമസ്:
ശ്രീ. എം. മുരളി:
„ *എം. കെ. പോൾസൺ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിൽ പ്രൊഫഷണൽ കോളേജ് പ്രവേശനത്തിന് എൻട്രൻസ് പരീക്ഷ നിർത്തലാക്കാനും +2 പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ

†അനുബന്ധം I കാണുക.

LIBRARY ARCHIVES Kerala Legislative Assembly

പ്രവേശനം നൽകാനും തീരുമാനിച്ചവിവരം സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെയും ഈ രീതി പ്രാവർത്തികമാക്കുന്ന കാര്യം പരിഗണിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ):*

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത തീരുമാനം സുപ്രീം കോടതി അസാധുവായി പ്രഖ്യാപിച്ചു.

(ബി) സുപ്രീം കോടതി തീരുമാനിച്ച സാഹചര്യത്തിൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കെ.എസ്.ടി.പി. യിൽ നവീകരണ പരിപാടികൾ

*11 [433] *ശ്രീ. പിരപ്പൻകോട് മുരളി:*

„ *വി. ചെന്താമരാക്ഷൻ:*

„ *ടി. കെ. ദേവകുമാർ:*

„ *സാജു പോൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നവീകരണത്തിനായി കെ.എസ്.ടി.പി.യിൽ ഫണ്ട് ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പദ്ധതികളാണ് നവീകരണ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; കെ.എസ്.ടി.പി.യിൽ ഇതിനായി വകയിരുത്തിയിട്ടുള്ള തുക എത്ര;

(ബി) റോഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം പദ്ധതി നവീകരണ പരിപാടിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ച് കേരളത്തിലെ റോഡുകളുടെ ഭൂപടം നിർമ്മിക്കുന്ന ജോലി കെ.എസ്.ടി.പി. നവീകരണ പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രത്തോളം ജോലി പൂർത്തിയാക്കിയിട്ടുണ്ട്;

(ഡി) ഭൂപട നിർമ്മാണത്തിന്റെ ചുമതല ആർക്കാണ്; ഇതിനായി വകയിരുത്തിയിട്ടുള്ള തുക എത്ര?

മരാമത്തു വകുപ്പുമന്ത്രി *(ഡോ. എം. കെ. മുനീർ):*

(എ) ഉണ്ട്. ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെങ്തനിംഗ് ആക്ഷൻ പ്ലാൻ, റോഡുമെയിന്റനൻസ് ആന്റ് മാനേജ്മെന്റ് സിസ്റ്റം, ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം അടിസ്ഥാനമാക്കിയ റോഡ് ഇൻഫർമേഷൻ ആന്റ് മാനേജ്മെന്റ് സിസ്റ്റം (RMMS, ISAP & GIS) എന്നീ പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതിനായി 9 കോടി 86 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly